"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണവകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീ ഗോപാലകൃഷ്ണൻ ബഹു.കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C). 34211/2025 നം കേസിലെ 22.01.2026 തിയതിയിലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.912/2026/LSGD തീയതി,തിരുവനന്തപുരം, 23-04-2026

---

പരാമർശം:-

1. 31/03/1999-ലെ സ.ഉ.(സാധാ)നം. 1226/1999/LAD.
2. 19/12/2020-ലെ ഐ.എ.1/90/2020/തസ്വഭവ നമ്പർ സർക്കാർ കത്ത്.
3. WP(C) No.12313/2023ൽ ബഹു. കേരള ഹൈക്കോടതി 31/05/2023-തിയതിയിൽ പുറപ്പെടുവിച്ച വിധിന്യായം.
4. WP(C)No.20068/2025-ൽ ബഹു.കേരള ഹൈക്കോടതി 30/05/2025 തിയതിയിൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ്.
5. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 07/08/2025-ലെ 2353/E1/2024/KSHO നമ്പർ നടപടിക്രമം.
6. WP(C) No.20068/2025-ൽ ബഹു.കേരള ഹൈക്കോടതി 08/08/2025 തിയതിയിൽ പുറപ്പെടുവിച്ച വിധിന്യായം.
7. WP(C) No.34211/2025-ൽ ബഹു.കേരള ഹൈക്കോടതി 22/01/2026 തിയതിയിൽ പുറപ്പെടുവിച്ച വിധിന്യായം.
8. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17/03/2026, 30/03/2026 തീയതികളിലെ 2353/E1/2024/KSHO നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കുടുംബശ്രീയിൽ ടൈപ്പിസ്റ്റ് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ 31/05/2025 വരെ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.എസ്.ഗോപാലകൃഷ്ണൻ, പരാമർശം (2), (5) പ്രകാരമുള്ള Ext. P11, Ext P10 തീരുമാനങ്ങൾ റദ്ദാക്കി ടിയാനെ 60 വയസ്സ് വരെ സർവീസിൽ തുടരാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത W.P(C).34211/2025 നമ്പർ കേസിലെ പരാമർശം (7) വിധിന്യായത്തിൽ, ഹർജിക്കാരൻ സമർപ്പിച്ച Ext.P7 നിവേദനം പരിഗണിച്ച് രണ്ട് മാസത്തിനുള്ളിൽ, ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർകക്ഷിയായ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ

സെക്രട്ടറിക്ക് നിർദ്ദേശം നൽകിക്കൊണ്ട് , ഉത്തരവായിരുന്നു.

2. Ext. P7 നിവേദനത്തിൽ ഹർജിക്കാരൻ ചുവടെപ്പറയുന്ന ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്:

കുടുംബശ്രീയിൽ ദിവസവേതനത്തിൽ ജോലി ചെയ്തു വരവെ, പരാമർശം (1) ഉത്തരവ് പ്രകാരം KS&SSR Part II, Rule-9A(i) നിയമപ്രകാരം ശമ്പളസ്കെയിലിൽ ടൈപ്പിസ്റ്റായി ഹർജിക്കാരനെ നിയമിച്ചു. കുടുംബശ്രീ പ്രോജക്റ്റ് കാലാവധി തീരുന്നത് വരെയാണ് നിയമനമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിരുന്നു. ഹർജിക്കാരൻ EPF പദ്ധതിയിൽ അംഗമായതിനാലും 58 വയസ്സിൽ പൂർണ്ണ പെൻഷന് അർഹനായതിനാലും 58 വയസ്സ് വരെ കരാർ നിയമനത്തിൽ തുടരാൻ പരാമർശം (3) വിധിന്യായപ്രകാരം അനുമതി നൽകിയിരുന്നു. IMG, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റ് (KSCSTE) എന്നിവിടങ്ങളിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സാണ്. കേരളത്തിൽ നാഷണൽ പെൻഷൻ സ്കീം (NPS) നടപ്പിലാക്കിയതിന് ശേഷം, അതിൽ അംഗങ്ങളായ സർക്കാർ ജീവനക്കാർക്കും 60 വയസ്സ് വരെ സർവീസിൽ തുടരാവുന്നതാണ്. അതിനാൽ ശമ്പള സ്കെയിലിൽ നിയമിക്കപ്പെട്ട കുടുംബശ്രീ മിഷനിലെ കരാർ ജീവനക്കാർക്കും 60 വയസ്സ് വരെ തുടരാൻ അർഹതയുണ്ട്. ഹർജിക്കാരന് 31-05-2025-ൽ 58 വയസ്സ് തികയുന്നതിനാൽ 60 വയസ്സ് വരെ ജോലിയിൽ തുടരാൻ അനുവദിക്കണമെന്നതാണ് ഹർജിക്കാരന്റെ ആവശ്യം.

3. കരാർ കാലാവധി 60 വയസ്സ് വരെ നീട്ടണമെന്ന ഹർജിക്കാരന്റെ ആവശ്യം പരാമർശം (5) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ **നിരസിച്ച** സാഹചര്യത്തിൽ, ഇതേ ആവശ്യമുന്നയിച്ച് ശ്രീ. എസ്. ഗോപാലകൃഷ്ണൻ കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിരുന്ന W.P(C).20068/2025 കേസ്, പരാമർശം (6) പ്രകാരം ഭഹ. കോടതി തീർപ്പാക്കിയിരുന്നു.

4. കുടുംബശ്രീയിൽ കരാർ അടിസ്ഥാനത്തിൽ KS&SSR Part II, Rule-9A(i) നിയമപ്രകാരം ശമ്പളസ്കെയിലിൽ നിയമിക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 ആയി ഉയർത്തണമെന്ന കുടുംബശ്രീ ഗവേണിംഗ് ബോഡിയുടെ 11/12/2019-ലെ തീരുമാനപ്രകാരം കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടർ സർക്കാരിൽ ശിപാർശ സമർപ്പിച്ചിരുന്നു. പ്രസ്തുത നിയമനം Rule-9A(i), Part II, KS&SSR പ്രകാരമായതിനാലും, കരാർ കാലാവധി കഴിയുമ്പോൾ അവർ വിരമിക്കാൻ ബാധ്യസ്ഥരായതിനാലും, സ്ഥിരം ജീവനക്കാരുടെ വിരമിക്കൽ പ്രായം ഇവർക്ക് ബാധകമല്ലാത്തതിനാലും, ടി ആവശ്യം പരാമർശം (2) പ്രകാരം സർക്കാർ നിരസിച്ചിരുന്നു.

5. കൂടാതെ, W.P (C) No.44581/2024 എന്ന ഹർജിയിലെ 04.04.2025-ലെ വിധിക്കെതിരെ ശ്രീ. ഷെയ്ഖ് ദാവൂദ് ഫയൽ ചെയ്ത W.A .771/2025 നം. അപ്പീൽ ഹർജിയിലെ 22.05.2025 തിയതിയിലെ ഉത്തരവിൽ, വിരമിക്കൽ പ്രായം 58 ആക്കി ഉയർത്തണമെന്ന ആവശ്യം ചുവടെ ചേർക്കുന്ന നിരീക്ഷണങ്ങളോടെ ബഹുമാനപ്പെട്ട ഹൈക്കോടതി നിരസിച്ചിട്ടുള്ളതാണ്:

"......Petitioner has been employed and has joined for duty pursuant to and based on Ext.P2 agreement. It thus binds the petitioner. The said agreement contains clause 3.1 which enumerates the situations which would entitle the Mission to terminate the services of the petitioner. Clause 14 thereof, reproduced herein above, stipulates that for any matter in regard to which no provision has been made in the agreement, the provisions of the Kerala Service Rules shall apply. Petitioners contention is that as per the terms of the agreement, his engagement is till the winding up of the Mission. He also contends in the alternative that since the Mission has already made a recommendation to the State Government seeking the retirement age to be fixed at 60 years, he is entitled to continue in service at least till the age of 60 years as long as the Mission is functional and since no person has been appointed to his post on deputation. These contentions cannot be sustained for more than one reason. Firstly, the agreement does not envisage or provide for continuation in service of employees till the winding up of the Mission irrespective of retirement age. Secondly the contention based on clause 1 of the agreement that the same entitles the petitioner to remain in service till the winding up of the Mission is erroneous and misplaced. The said provision, we note, mandates that the employee shall submit himself to the orders of the Mission and its officers and authorities till he remains in service or till the winding up of the Mission whichever is earlier. The said provision cannot by any stretch of imagination be termed as an entitlement to remain in service till the winding up of the Mission. Clause 3.1 of the agreement envisages termination upon the happening of any of the situations enumerated therein. This cannot be held to mean that if no such situation for termination during employment arises, the petitioner shall continue in service up till the winding up of the Mission. Clause 14 of the agreement which provides for any matter in regard to which no provision has been made in the agreement, the provisions of the Kerala Service Rules shall continue to apply as per the relevant mandates of law, appointment to the Mission being on contract basis, the service of the contract employees will be terminated on completion of contract period. As regards the contention that the Mission itself had recommended for retirement age to be fixed at 60 years and hence the petitioner is entitled to continue till he attains 60 years cannot be sustained since as stated by the learned Single Judge, the State Government has rejected the request on the ground that the employees working under the Mission are contractual employees and their terms of

engagement shall be governed by the terms and conditions of the contract of employment. The learned Single Judge had thus rightly concluded that the agreement does not envisage that the petitioner shall continue to be employed in the Mission till the project gets completed and that completion of the project is one of the eventualities on which the petitioner's employment will come to an end. We find no reason to interfere with the finding of the learned Single Judge that the decision taken by the Mission not to permit the petitioner to continue after 56 years does not suffer from any illegality.

In view of the above, the Writ Appeal is devoid of merits and is dismissed. No cost."

6. പരാമർശം (3) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 58 വയസ്സ് പൂർത്തിയാകുന്നത് വരെ ശ്രീ. എസ്. ഗോപാലകൃഷ്ണനെ കരാർ നിയമനത്തിൽ തുടരാൻ അനുവദിച്ചിരുന്നുവെന്നും, 31/05/2025-ൽ അദ്ദേഹത്തിന് 58 വയസ്സ് പൂർത്തിയായതിനെത്തുടർന്ന് കരാർ നിയമനത്തിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളതായും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (8) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

7. എൻ.പി.എസ് (NPS) നടപ്പിലാക്കിയതിന് ശേഷം സംസ്ഥാന സർക്കാർ ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസ്സായതും, ഐ.എം.ജി (IMG), കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റ് (KSCSTE) എന്നിവിടങ്ങളിലെ ജീവനക്കാർ 60 വയസ്സിൽ വിരമിക്കുന്നതും ചൂണ്ടിക്കാട്ടി, തനിക്കും 60 വയസ്സ് വരെ സർവീസിൽ തുടരാൻ അനുമതി നൽകണമെന്നാണ് Ext.P7 നിവേദനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ളത്.

8. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്ഥിരം ജീവനക്കാരുടേതിനു സമാനമായി കരാർ ജീവനക്കാരുടെ വിരമിക്കൽ പ്രായം വർദ്ധിപ്പിക്കാൻ സാധിക്കില്ല എന്നതിനാലും, കരാർ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് അവരെ വിടുതൽ ചെയ്യേണ്ടതുള്ളതിനാലും, ശ്രീ. എസ്.ഗോപാലകൃഷ്ണന്റെ വിരമിക്കൽ പ്രായം 60 വയസ്സായി ഉയർത്തണമെന്ന Ext. P7 നിവേദനത്തിലെ ആവശ്യം പരിഗണിച്ച് നിരസിച്ച് ഉത്തരവാകുന്നു.

9. WP(C). 34211/2025 നം കേസിലെ 22.01.2026 തിയതിയിലെ പരാമർശം (7) ഉത്തരവ് ഇപ്രകാരം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

ശ്രീ.ഗോപാലകൃഷ്ണൻ എസ്., TC 28/2003, ആർ.കെ. സ്ട്രീറ്റ്, ഫോർട്ട് പി.ഒ., തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/75/2026-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 23-04-2026 17:00:15
സെക്ഷൻ ഓഫീസർ